**<u>ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം</u>**

**<u>തിരുവനന്തപുരം</u>**

വിഷയം:- ആവഡ-ജീവനക്കാര്യം-ഡിസ്ട്രിക്ട് വെക്ടർ ബോൺ ഡിസീസ് കൺട്രോൾ ഓഫീസർ തസ്തികയിലെ സ്ഥാനക്കയറ്റം മരവിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം:- 1..G.O(Ms)No.435/1994/H&FWD Dated 14.12.1994
2.16.03.2024 തീയതിയിലെ ഈ ഓഫീസിലെ ഇതേ നം ഉത്തരവ്
3.26.7.2024 തീയതിയിലെ എച്ച്2-/120/2024-ഹെൽത്ത് എന്ന സർക്കാർ കത്ത്
4..27.7.2024 തീയതിയിലെ ഈഓഫീസിലെ ഇതേ നം ഉത്തരവ്

**<u>ഉത്തരവ് നം.ഇജി1-14805/2023/ആവഡ തീയതി : 05-08-2024</u>**

ഡിസ്ട്രിക്ട് വെക്ടർ ബോൺ ഡിസീസ് കൺട്രോൾ ഓഫീസർ തസ്തികയിൽ അസിസ്റ്റന്റ് എന്റമോളജിസ്റ്റ് തസ്തികയിലെ ജീവനക്കാരുടെ അഭാവത്തിലാണ് യോഗ്യരായ ഹെൽത്ത് സൂപ്പർവൈസർ, ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2, ജീവനക്കാരുടെ യോഗ്യതാ ലിസ്റ്റ് പരാമർശം 2 പ്രകാരം പ്രസിദ്ധീകരിക്കപ്പെട്ടത്. പരാമർശം 2 പ്രകാരം യോഗ്യതാ ലിസ്റ്റ് പ്രസിദ്ധീകരിക്കപ്പെട്ട ശേഷം ലഭിച്ച അപ്പീലുകൾ സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിരുന്നു. ആയതിൽ വകുപ്പ് തല ഉദ്യോഗാർത്ഥികളിൽ നിന്ന് അപേക്ഷ ക്ഷണിച്ച് നിയമനം നടത്തുന്ന തസ്തികകളിലേക്ക് നിയമനത്തിന് മുൻപ് അർഹതയും താൽപ്പര്യവുമുള്ള എല്ലാ ജീവനക്കാർക്കും ന്യായമായ അവസരം ഉറപ്പാക്കേണ്ടതുണ്ട് എന്നു പരാമർശം 3 പ്രകാരം നിർദ്ദേശിച്ചിരിക്കുന്നതിനാലും പരാമർശം 1 ഉത്തരവിൽ സുവോളജി ബിരുദദാരികളുടെ അഭാവത്തിൽ മാത്രമെ ബോട്ടണി ബിരുദദാരികളെ മേൽ തസ്തികയിലെ നിയമനത്തിനായി പരിഗണിക്കാവൂ എന്ന് നിർകർഷിച്ചിട്ടുള്ളതിനാലും പരാമർശം 3 സർക്കാർ നിർദ്ദേശം പാലിക്കുന്നതിന്റെ ഭാഗമായി സൂചന 4 ഉത്തരവ് ഇനിയൊരു അറിയിപ്പ് ഉണ്ടാകുന്നത് വരെ താൽക്കാലികമായി മരവിപ്പിച്ച് ഉത്തരവാകുന്നു.

Signed by
Nandakumar.k.v
Date: 05-08-2024 14:54:32

**അരോഗ്യവകുപ്പ് ഡയറക്ടർ I/C**

സ്വീകർത്താവ്: ബന്ധപ്പെട്ട ഉദ്യോഗസ്ഥർ

പകർപ്പ് : 1.അക്കൗണ്ടന്റ് ജനറൽ ഓഫീസ്(എ&ഇ) തിരുവനന്തപുരം
2.എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും